കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് - വികേന്ദ്രീകൃതാസൂത്രണം 2017-18 - നൂതന പ്രോജക്ട് നമ്പർ 5/2017-18 നാളികേര ഉത്പാദക കമ്പനികൾക്കുള്ള ധനസഹായം നൽകുന്നതിന് അനുമതി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3690/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 15/11/2017.

വായന:- 1. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18/09/2017 ലെ പി6-2030/17 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/11/2017 ലെ 4.17 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ച വടകര, പേരാമ്പ്ര, കടത്തനാട്ട് എന്നീ മൂന്ന് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾക്ക് 20 ലക്ഷം രൂപ വീതം അവരുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിന് പ്രോജക്ട് നമ്പർ 5/17-18 പ്രകാരം വികസന ഫണ്ടിൽ നിന്നും 60 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്ന് വായന 1 കത്ത് പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ആവശ്യപ്പെട്ടിരുന്നു. മാർക്കറ്റിംഗ് പ്രവർത്തന സംബന്ധമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉൽപ്പാദക കമ്പനികൾ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണമെന്നും അടുത്ത മൂന്ന് വർഷക്കാലത്തെ പ്രവർത്തന വിറ്റുവരവ് അടക്കമുള്ള വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിന് നൽകണമെന്നും ഫണ്ട് വിനിയോഗം ഓഡിറ്റിനു വിധേയമാക്കണം എന്ന വ്യവസ്ഥയിൽ വായന 2 പ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ മൂന്ന് നാളികേര ഉൽപാദക കമ്പനികൾക്ക് ധനസഹായം നൽകുന്നതിന് പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 60,00,000/- (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയ നടപടി അംഗീകരിച്ചും മാർക്കറ്റിംഗ് പ്രവർത്തന സംബന്ധമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉൽപ്പാദക കമ്പനികൾ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണമെന്നും അടുത്ത മൂന്ന് വർഷക്കാലത്തെ പ്രവർത്തന വിറ്റുവരവ് അടക്കമുള്ള വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിന് നൽകണമെന്നും ഫണ്ട് വിനിയോഗം ഓഡിറ്റിനു വിധേയമാക്കണമെന്നുമുള്ള വ്യവസ്ഥയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
ജില്ലാ കളക്ടർ, കോഴിക്കോട്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്